പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.*369 | 19.03.2018-ൽ മറുപടിക്ക്

# നദീതീര കയ്യേറ്റങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി<br>,, എം. സ്വരാജ്<br>,, പി. ഉണ്ണി<br>,, ഡി.കെ. മുരളി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ നദീതീര കയ്യേറ്റങ്ങൾ തടയുന്നതിനായി നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ; | (എ) പരിശോധിച്ചിട്ടുണ്ട്. 2002-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങളിലെ എട്ടാം ചട്ടം പ്രകാരം ജില്ലയിലെ നദീതീരങ്ങളിലെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനും എല്ലാ വിധ കയ്യേറ്റങ്ങളും ഒഴിപ്പിക്കുന്നതിലേക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ തല വിദഗ്ധ സമിതിക്ക് അധികാരമുണ്ട്. ജില്ലാ വിദഗ്ധ സമിതിയുടെ ചെയർമാൻ എന്ന നിലയ്ക്ക് ജില്ലാ കളക്ടർക്ക് നദീതീരത്തോ, കടവിലോ ഉള്ള കയ്യേറ്റങ്ങൾ അറിയിക്കുന്ന മുറയ്ക്ക് നീക്കുന്നതിന് പ്രസ്തുത ചട്ടം പ്രകാരം അധികാരമുണ്ട്. |
| (ബി) പെരിയാർ, ഭാരതപ്പുഴ, ചാലിയാർ, പമ്പ, കല്ലട, വാമനപുരം, ചന്ദ്രഗിരി, കരമന, മീനച്ചിൽ തുടങ്ങിയ നദികളിലെ കയ്യേറ്റങ്ങൾ സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (ബി) കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനായി സർവ്വെ നടത്തിയിട്ടില്ല. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത നദികളുടെ കയ്യേറ്റങ്ങൾ തടയുന്നതിനും ഒഴിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്താമോ? | (സി) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട്, വകുപ്പ് 9(e) പ്രകാരവും, 2002-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങളിലെ 8-ാം ചട്ടപ്രകാരവും 1957-ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരവും കൈയ്യേറ്റത്തിനെതിരെയുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**